2026
JUNE
05
FRIDAY

www.societytodaynews.com

# സൊസൈറ്റി ടുഡേ

SOCIETY TODAY e-paper




# ഇന്ത്യയുടെ സാമ്പത്തിക വളർച്ചയ്ക്ക് പിന്തുണയുമായി സിറ്റി ഗ്രൂപ്പ്

## പ്രധാനമന്ത്രി നരേന്ദ്ര മോദിയുമായി സിറ്റി ഗ്രൂപ്പ് ചെയർപേഴ്സണും സിഇഒയുമായ ജെയ്ൻ ഫ്രേസർ കൂടിക്കാഴ്ച നടത്തി



**മുംബൈ:** ഇന്ത്യയുടെ സാമ്പത്തിക വളർച്ചയ്ക്കും വികസന മുൻഗണനകൾക്കും പൂർണ്ണ പിന്തുണ പ്രഖ്യാപിച്ച് പ്രമുഖ ആഗോള ധനകാര്യ സ്ഥാപനമായ സിറ്റി ഗ്രൂപ്പിൻറെ ചെയർപേഴ്സണും സിഇഒയുമായ ജെയ്ൻ ഫ്രേസർ പ്രധാനമന്ത്രി നരേന്ദ്ര മോദിയുമായി കൂടിക്കാഴ്ച നടത്തി. മുംബൈയിൽ വെച്ചായിരുന്നു ഈ സുപ്രധാന കൂടിക്കാഴ്ച നടന്നത്.

’വികസിത് ഭാരത് 2047’ എന്ന ലക്ഷ്യം കൈവരിക്കുന്നതിനായി രാജ്യത്തിന്റെ സാമ്പത്തിക മുന്നേറ്റം വേഗത്തിലാക്കുന്നതിനുള്ള കാഴ്ചപ്പാടുകൾ പ്രധാനമന്ത്രി നരേന്ദ്ര മോദി കൂടിക്കാഴ്ചയിൽ പങ്കുവെച്ചു. ഇന്ത്യയിലേക്ക് ആഗോള നിക്ഷേപങ്ങൾ ആകർഷിക്കുക, വിദേശ വിപണികളിലേക്ക് ബിസിനസ് വ്യാപിപ്പിക്കുന്ന ഇന്ത്യൻ കമ്പനികൾക്ക് അന്താരാഷ്ട്ര തലത്തിൽ പിന്തുണ നൽകുക എന്നിവ കൂടിക്കാഴ്ചയിൽ പ്രധാന ചർച്ചാവിഷയങ്ങളായി. ഇവയ്ക്ക് പുറമെ, സൗരോർജ്ജം, ഗ്രീൻ ഹൈഡ്രജൻ എന്നിവയുൾപ്പെടെയുള്ള പുനരുപയോഗ ഊർജ മേഖലകളിലെ നിക്ഷേപ സാധ്യതകളും ഇരു നേതാക്കളും വിലയിരുത്തി. സാമ്പത്തിക വളർച്ചയ്ക്കായി ആർട്ടിഫിഷ്യൽ ഇൻറലിജൻസ് സാങ്കേതികവിദ്യ എങ്ങനെ പ്രയോജനപ്പെടുത്താമെന്നും ഈ മേഖലയിലെ നിയന്ത്രണങ്ങളുടെ ആവശ്യകതയെക്കുറിച്ചും കൂടിക്കാഴ്ചയിൽ ചർച്ചകൾ നടന്നു.

സിറ്റിയുടെ ഇന്ത്യ സിഇഒയും ബാങ്കിംഗ് മേധാവിയും ഇന്ത്യൻ ഉപഭൂഖണ്ഡ സബ് ക്ലസ്റ്റർ മേധാവിയുമായ കെ. ബാലസുബ്രഹ്മണ്യനും ഫ്രേസറോടൊപ്പം കൂടിക്കാഴ്ചയിൽ പങ്കെടുത്തു. ഏകദേശം 125 വർഷങ്ങളായി ഇന്ത്യയുടെ വളർച്ചയിൽ പങ്കാളിയാകാൻ കഴിഞ്ഞതിലുള്ള അഭിമാനം വ്യക്തമാക്കിയ പ്രതിനിധികൾ, രാജ്യത്തോടുള്ള ശക്തമായ പ്രതിബദ്ധത തുടരുമെന്ന് അറിയിച്ചു.

പ്രധാനമന്ത്രി മോദിയുടെ നേതൃത്വത്തിൽ രാജ്യത്ത് നടന്ന ബാങ്കിംഗ് പരിഷ്കരണങ്ങളിലും സാമ്പത്തിക ഉൾപ്പെടുത്തൽ പദ്ധതികളിലും ആഗോള ധനകാര്യ സ്ഥാപനങ്ങൾക്കുള്ള വിശ്വാസമാണ് ഈ കൂടിക്കാഴ്ചയിലൂടെ പ്രതിഫലിക്കുന്നത്.

കൂടിക്കാഴ്ചയെ തുടർന്ന് ആഗോള നിക്ഷേപകരെയും ഉപഭോക്താക്കളെയും പങ്കെടുപ്പിച്ചുകൊണ്ട് ജൂൺ 3 മുതൽ 5 വരെ മുംബൈയിൽ സിറ്റി ഇന്ത്യ കോൺഫറൻസ് സിറ്റി ഗ്രൂപ്പ് സംഘടിപ്പിക്കുന്നുണ്ട്. 1,500-ലധികം പ്രമുഖ നിക്ഷേപകർ പങ്കെടുക്കുന്ന ഈ സമ്മേളനം ഇന്ത്യയിലെ വൻ നിക്ഷേപ സാധ്യതകളിലേക്ക് ആഗോള മൂലധനത്തെ ആകർഷിക്കാൻ ലക്ഷ്യമിടുന്നു.

2027-ൽ സിറ്റി ഗ്രൂപ്പ് ഇന്ത്യയിലെ തങ്ങളുടെ പ്രവർത്തനത്തിന്റെ 125-ാം വർഷം പൂർത്തിയാക്കും.

# തെക്കു പടിഞ്ഞാറൻ കാലവർഷം കേരളത്തിൽ എത്തിയതായി കേന്ദ്ര കാലാവസ്ഥ വകുപ്പ്



**കൊച്ചി:** മധ്യ-കിഴക്കൻ അറബിക്കടലിനോട് ചേർന്നുള്ള ഗോവ തീരത്തിന് മുകളിലായി ചക്രവാത ചുഴി സ്ഥിതി ചെയ്യുന്നു.

മഹാരാഷ്ട്രയിലെ മറാത്ത്വാഡ മുതൽ തെക്കുപടിഞ്ഞാറൻ അറബിക്കടൽ വരെ, കൊങ്കൺ-ഗോവ മേഖലയ്ക്ക് മുകളിലൂടെ സമുദ്രനിരപ്പിൽ നിന്ന് 5.8 കിലോമീറ്റർ ഉയരത്തിൽ ഒരു ന്യൂനമർദ്ദ പാത്തി (Trough) രൂപപ്പെട്ടിരിക്കുന്നു.

തെക്കൻ തെലങ്കാനയ്ക്കും അതിനോട് ചേർന്നുള്ള തീരദേശ ആന്ധ്രാപ്രദേശ്, യാനം എന്നിവയ്ക്ക് മുകളിലായി ചക്രവാത ചുഴി സ്ഥിതിചെയ്യുന്നു.

വടക്കൻ ആൻഡമാൻ കടലിനും അതിന്റെ സമീപപ്രദേശങ്ങൾക്കും മുകളിലായി ചക്രവാത ചുഴി സ്ഥിതിചെയ്യുന്നു.

ജൂൺ 4 മുതൽ 8 വരെ തീയതികളിൽ കേരളത്തിലും മാഹിയിലും ഒറ്റപ്പെട്ട ശക്തമായ (Heavy rainfall)/അതി ശക്തമായ മഴയ്ക്ക് (Heavy to Very Heavy rainfall) സാധ്യത.

ജൂൺ 4 മുതൽ 8 വരെ തീയതികളിൽ ഇടിമിന്നലോടും ശക്തമായ കാറ്റോടും (മണിക്കൂറിൽ 40 മുതൽ 50 കിലോമീറ്റർ വരെ വേഗതയുള്ള) കൂടി വ്യാപകമായ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ് അറിയിച്ചു.

# ആന്ധ്രാപ്രദേശ് പ്രതിനിധി സംഘം സപ്ലൈകോ സന്ദർശിച്ചു



കേരള സ്റ്റേറ്റ് സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ (സപ്ലൈകോ) പ്രവർത്തനരീതികളും ബിസിനസ് മാതൃകയും പഠിക്കുന്നതിനായി ആന്ധ്രാപ്രദേശ് സിവിൽ സപ്ലൈസ് വകുപ്പിൽ നിന്നുള്ള നാലംഗ പ്രതിനിധി സംഘം രണ്ട് ദിവസത്തെ സന്ദർശനത്തിന്റെ ഭാഗമായി സപ്ലൈകോ സന്ദർശിച്ചപ്പോൾ.

**കൊച്ചി:** കേരള സ്റ്റേറ്റ് സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ (സപ്ലൈകോ) പ്രവർത്തന രീതികളും ബിസിനസ് മാതൃകയും പഠിക്കുന്നതിനായി ആന്ധ്രാപ്രദേശ് സിവിൽ സപ്ലൈസ് വകുപ്പിൽ നിന്നുള്ള നാലംഗ പ്രതിനിധി സംഘം രണ്ട് ദിവസത്തെ സന്ദർശനത്തിന്റെ ഭാഗമായി സപ്ലൈകോ സന്ദർശിച്ചു.

ഡെപ്യൂട്ടി ഡയറക്ടർ ശേശഗിരി റാവു, ജില്ലാ സിവിൽ സപ്ലൈസ് ഓഫീസർ പത്മ, കൺസൾട്ടന്റ് ഹേമന്ത് കുമാർ കവലി, കൺസൾട്ടന്റ് ശ്രാവണി ജമ്മുല എന്നിവരായിരുന്നു സംഘത്തിലെ അംഗങ്ങൾ. സപ്ലൈകോയുടെ റീട്ടെയിൽ പ്രവർത്തനങ്ങൾ, പൊതുവിതരണ സംവിധാനങ്ങൾ, വിതരണ ശൃംഖല മാനേജ്മെന്റ്, ഉപഭോക്തൃ സേവന-പ്രചാരണ പ്രവർത്തനങ്ങൾ, സുസ്ഥിര ബിസിനസ് മാതൃകകൾ എന്നിവയെക്കുറിച്ച് മനസ്സിലാക്കുക എന്ന ലക്ഷ്യത്തോടെയായിരുന്നു സന്ദർശനം.

ഉപഭോക്തൃ ക്ഷേമം ഉറപ്പാക്കുന്നതിലും വിപണി ഇടപെടലുകളിലും അവശ്യസാധനങ്ങളുടെ കാര്യക്ഷമമായ വിതരണത്തിലും സപ്ലൈകോ വഹിക്കുന്ന മാതൃകാപരമായ പങ്ക് മറ്റ് സംസ്ഥാനങ്ങൾക്കും പ്രചോദനമാണെന്ന് പ്രതിനിധി സംഘം അഭിപ്രായപ്പെട്ടു. സന്ദർശനത്തിന്റെ ഭാഗമായി സപ്ലൈകോയുടെ റീട്ടെയിൽ ശൃംഖല, സംഭരണ-വിതരണ സംവിധാനങ്ങൾ, വിലനിർണയ നയങ്ങൾ, എന്നിവ സംഘം വിലയിരുത്തി.

സന്ദർശന വേളയിൽ സപ്ലൈകോ മാനേജിംഗ് ഡയറക്ടർ ജയകൃഷ്ണൻ V M, ജനറൽ മാനേജർ എം. യു. ബിജു, മാർക്കറ്റിംഗ് അഡിഷണൽ ജനറൽ മാനേജർ ദീപു എം ആർ എന്നിവരുമായി പ്രതിനിധി സംഘം കൂടിക്കാഴ്ച നടത്തി.



## ഇന്നത്തെ പരിപാടി

### കൊച്ചി

- **ജെയിൻ യൂണിവേഴ്സിറ്റി :** സ്കൂൾ ഓഫ് ഡിസൈൻ, മീഡിയ ആൻഡ് ക്രിയേറ്റീവ് ആർട്സ് വിഭാഗത്തിന്റെ ആഭിമുഖ്യത്തിൽ ഡിസൈൻ വേഴ്സ് 2026 ദ്വിദിന പ്രദർശന മേള രാവിലെ 11ന്.
- **എറണാകുളം വൈ.എം.സി.എ. ഹാൾ :** സോഷ്യലിസ്റ്റും, എഴുത്തുകാരനും, കേന്ദ്രമന്ത്രിയും ആയിരുന്ന എംപി. വീരേന്ദ്രകുമാർ ആറാം ചരമവാർഷികദിനാചരണം വൈകിട്ട് 4ന്.
- **പുല്ലേപ്പടി ഐ.ഇ.ഐ. ഭവൻ :** ലോകപരിസ്ഥിദിനാചരണത്തിന്റെ ഭാഗമായി കാലാവസ്ഥ സംരക്ഷണത്തിനായുള്ള ആഗോള ആഹ്യാനം എന്ന വിഷയത്തിൽ ഇൻസ്റ്റിറ്റിയൂഷൻ ഓഫ് എഞ്ചിനിയേഴ്സ് ഇന്ത്യ കൊച്ചി കേന്ദ്രം സംഘടിപ്പിക്കുന്ന ശില്പശാല ഉച്ചയ്ക്ക് 2ന്.
- **ഇടപ്പള്ളി ചങ്ങമ്പുഴ സാംസ്കാരിക കേന്ദ്രം :** ഭരതനാട്യം – അരുണിമ വൈകിട്ട് 6.30ന്.

### മൂവാറ്റുപുഴ

- **മേള ഓഡിറ്റോറിയം :** എസ്.എസ്.എൽ.സി, പ്ലസ് ടു പരീക്ഷകളിൽ ഉന്നത വിജയം നേടിയ വിദ്യാർഥികൾക്ക് ഡീൻ കുര്യാക്കോസ് എം.പി നൽകുന്ന എക്സലന്റ് അവാർഡ് വിതരണം ഉച്ചയ്ക്ക് 2ന്. മന്ത്രി അനൂപ് ജേക്കപ് അവാർഡുകൾ വിതരണം ചെയ്യും. ഡീൻ കുര്യാക്കോസ് എംപി അധ്യക്ഷത വഹിക്കും. കാർട്ടൂണിസ്റ്റ് ജിതേഷ് ജി മുഖ്യാതിഥിയാകും.

### അങ്കമാലി

- **സെന്റ് ജോർജ് കോംപ്ലക്സ് പഞ്ഞിക്കാരൻ ഹാൾ :** പരിസ്ഥിതി പ്രവർത്തകനും എഴുത്തുകാരനുമായ ജയ്സൺ പാനികുളങ്ങര അനുസ്മരണം വൈകിട്ട് 6ന്.

## ജി.പി.എഫ് വാർഷിക അക്കൗണ്ട് സ്റ്റേറ്റ്മെന്റുകൾ ഓൺലൈനിൽ ലഭ്യമാണ്

**കൊച്ചി:** സംസ്ഥാന സർക്കാർ ജീവനക്കാരുടെയും ഓൾ ഇന്ത്യ സർവീസ് ഉദ്യോഗസ്ഥരുടെയും 2025-26 സാമ്പത്തിക വർഷത്തെ ജനറൽ പ്രൊവിഡന്റ് ഫണ്ട് (GPF) വാർഷിക അക്കൗണ്ട് സ്റ്റേറ്റ്മെന്റുകൾ കേരള അക്കൗണ്ട് ജനറലിന്റെ (A&E) ഔദ്യോഗിക വെബ്സൈറ്റായ www.agker.cag.gov.in-ൽ ലഭ്യമാക്കിയിട്ടുണ്ട്.

വരിക്കാർക്ക് തങ്ങളുടെ പെർമനന്റ് എംപ്ലോയീ നമ്പർ (PEN) ഉപയോഗിച്ച് വെബ്സൈറ്റിൽ ലോഗിൻ ചെയ്ത് ജി.പി.എഫ് വാർഷിക അക്കൗണ്ട് സ്റ്റേറ്റ്മെന്റുകൾ ഡൗൺലോഡ് ചെയ്യാവുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് 0471-2776698 എന്ന നമ്പറിൽ ജി.പി.എഫ് (GPF) സെക്ഷനുമായി ബന്ധപ്പെടാവുന്നതാണ്.

## സ്വാക്ക് : സംസ്ഥാന ട്രഷററെ നീക്കം ചെയ്തു




*കൊച്ചിയിൽ സംഘടിപ്പിച്ച സൂപ്പർ മാർക്കറ്റ് വെൽഫെയർ അസ്സോസിയേഷൻ ഓഫ് കേരളയുടെ സംസ്ഥാന എക്സിക്യൂട്ടീവ് കമ്മിറ്റി തീരുമാനങ്ങൾ സംസ്ഥാന പ്രസിഡന്റ് ജോർഫിൻ പെട്ട പ്രഖ്യപിക്കുന്നു. ഷെയീസ് റോയൽ, എസ്. ഷുഹൈബ്, കെ.എ.സിയാവുദ്ദീൻ, സാജു മൂലൻ, സാജിത് ലോട്ടസ് എന്നിവർ സമീപം.*

**കൊച്ചി:** സംഘടന വിരുദ്ധ പ്രവർത്തനങ്ങളുടെ പേരിൽ സൂപ്പർ മാർക്കറ്റ് വെൽഫെയർ അസ്സോസിയേഷൻ ഓഫ് കേരളയുടെ (സ്വാക്ക്) സംസ്ഥാന ട്രഷററും കോഴിക്കോട് ജില്ലാ സെക്രട്ടറിയുമായ കെ.എം.ഹനീഫ, സംസ്ഥാന വൈസ് പ്രസിഡന്റും കോഴിക്കോട് ജില്ലാ പ്രസിഡന്റുമായ മുസ്തഫ വാഴാട്ട്, കോഴിക്കോട് ജില്ലാ ട്രഷറർ കെ.സി.ജാബിർ എന്നിവരെ തൽസ്ഥാനത്തുനിന്നും നീക്കം ചെയ്തു. സംഘടനയിലെ അംഗങ്ങളെയും കമ്പനികളെയും തെറ്റിദ്ധരിപ്പിച്ചും സംഘടനയുടെ പേര് ദുരുപയോഗം ചെയ്തും ഈമാസം 10,11,12 തിയതികളിൽ കോഴിക്കോട് കൺസ്യൂമർ എക്സ്പോ സംഘിടിപ്പിക്കുന്നതിന് എതിരെയാണ് നടപടി. കൊച്ചിയിൽ കൂടിയ സംസ്ഥാന എക്സിക്യൂട്ടീവ് കമ്മിറ്റിയുടെതാണ് തീരുമാനം. എല്ലാ ജില്ലകളിൽ നിന്നുമുള്ള ഭാരവാഹികൾ പങ്കെടുത്ത യോഗത്തിൽ ഏകകണ്ഠമായാണ് തീരുമാനം എടുത്തതെന്നും സംസ്ഥാന ട്രഷററുടെ താൽക്കാലിക ചുമതല കൊല്ലം ജില്ലാ പ്രസിഡന്റും രാജകുമാരി ഗ്രൂപ്പ് ഡയറക്ടറുമായ എസ്.ഷുഹൈബിന് നൽകിയതായും സംസ്ഥാന പ്രസിഡന്റ് ജോർഫിൻ പെട്ട അറിയിച്ചു.

യോഗത്തിൽ സംസ്ഥാന ജനറൽ സെക്രട്ടറി കെ.എ.സിയാവുദ്ദീൻ, സംസ്ഥാന വൈസ് പ്രസിഡന്റുമാരായ സാജു മൂലൻ, സാജിത് ലോട്ടസ്, സംസ്ഥാന കോർഡിനേറ്റർമാരായ ഷെഹീസ് റോയൽ, അഷറഫ് മെട്രോ തുടങ്ങിയവർ പ്രസംഗിച്ചു.

നാലായിരത്തിൽ പരം സൂപ്പർമാർക്കറ്റ് ഉടമകൾ അംഗങ്ങളായ സംഘടനയാണ് സ്വാക്ക്.

## രാക്കവിതക്കൂട്ടം ചായം ധർമ്മരാജൻ കവിത പുരസ്ക്കാരം ആതിരയ്ക്ക്

**കൊച്ചി:** കവികളുടെയും കാവ്യാസ്വാദകരുടെയും കൂട്ടായ്മയായ രാക്കവിതക്കൂട്ടം ഏർപ്പെടുത്തിയിട്ടുള്ള രാക്കവിതക്കൂട്ടം ചായം ധർമ്മരാജൻ കവിത പുരസ്ക്കാരത്തിന് ആതിര.ആർ എഴുതിയ മീനേ.. മീൻമണമേ എന്ന കവിത സമാഹാരം അർഹമായി. 25000 രൂപയും ശില്പവും പ്രശസ്തിപത്രവുമാണ് പുരസ്ക്കാരം.

അയച്ചു കിട്ടിയ, 2024, 2025 വർഷങ്ങളിൽ ഒന്നാം പതിപ്പായി പ്രസിദ്ധീകരിച്ച കവിത സമാഹാരങ്ങളിൽ നിന്നാണ് പുരസ്കാരത്തിനർഹമായ കൃതി തെരഞ്ഞെടുത്തത്. ഷീജ വക്കം, ഡോ.ജിനേഷ്കുമാർ എരമം, സി.എം.വിനയചന്ദൻ എന്നിവരടങ്ങിയ ജൂറിയാണ് പുരസ്കൃതകൃതി തെരഞ്ഞെടുത്തത്.

2026 ജൂൺ 13ന് പാലക്കാട് അഹല്യ ഹെറിട്ടേജ് സെന്ററിൽ നടക്കുന്ന രാക്കവിതക്കൂട്ടം 'ര' കാവ്യോത്സവത്തിൽ വച്ച് കവി സച്ചിദാനന്ദൻ പുഴങ്കര പുരസ്കാര സമർപ്പണം നടത്തും.

# ജില്ലാ കളക്ടറോട് വിശേഷങ്ങൾ ചോദിച്ച് കുട്ടികൾ; 'ഇൻസ്പയർ വെഡ്നസ്ഡേ'ക്ക് ഹൃദ്യമായ തുടക്കം

**കൊച്ചി:** ഗൗരവമേറിയ ചർച്ചകളും ഫയൽ നീക്കങ്ങളും നടക്കാറുള്ള ജില്ലാ കളക്ടറുടെ ചേംബറിലേക്ക് എത്തിയത് ഒരുപറ്റം വിദ്യാർഥിനികളാണ്. ഔദ്യോഗിക കൃത്യനിർവഹണത്തിന്റെ തിരക്കുകൾക്കിടയിലും അവരെ സ്വീകരിക്കാൻ ജില്ലാ കളക്ടർ ജി പ്രിയങ്ക കാത്തിരിപ്പുണ്ടായിരുന്നു.

ജില്ലാ കളക്ടറുടെ വിദ്യാർത്ഥി സമ്പർക്ക പരിപാടിയായ 'ഇൻസ്പയർ വെഡ്നസ്ഡേ' ക്ക് തുടക്കം കുറിച്ചു.

**അധ്യാപകരില്ലാത്ത ചേംബർ;**
**കൗതുകം നിറഞ്ഞ ചോദ്യങ്ങളും**

ഒപ്പം വന്ന അധ്യാപകരോട് 'ഒന്നു പുറത്തിറങ്ങാമോ കുറച്ചുസമയത്തേക്ക്' എന്നുപറഞ്ഞ് കുട്ടികൾക്ക് മാത്രമായി സംഭാഷണത്തിന് അവസരമൊരുക്കുകയായിരുന്നു ജില്ലാ കളക്ടർ. അതുകൊണ്ട് തന്നെ പേടിയോ മടിയോ കൂടാതെ കുട്ടികൾ കളക്ടറോട് മനസ്സ് തുറന്നു. അതിനിടയിലാണ് ഒരു മിടുക്കിയുടെ കൗതുകമുണർത്തിയ ചോദ്യം വന്നത്:

**'മഴ വന്നല്ലോ മേം, അവധി തരുമോ ?'**

കുട്ടികളുടെ സുരക്ഷക്കാണ് എപ്പോഴും മുൻഗണനയെന്നും, അതുകൊണ്ട് തന്നെ മഴ നോക്കി, മുന്നറിയിപ്പുകൾ നോക്കി കൃത്യമായി അവധി തരാമെന്ന് കളക്ടർ മറുപടി നൽകിയപ്പോൾ കുട്ടികൾ അത് കയ്യടിയോടെ സ്വീകരിച്ചു.



**സ്വപ്നങ്ങളിലേക്ക് വഴിതുറന്ന് 'ഗോൾ സെറ്റിങ്'**

തങ്ങളുടെ ലക്ഷ്യങ്ങൾ എന്തൊക്കെയാണെന്നും, അവ എങ്ങനെ നേടിയെടുക്കാൻ പദ്ധതിയിടുന്നു എന്നും കുട്ടികൾ 'ഇൻസ്പയർ വെഡ്നസ്ഡേ' ഫോമുകളിൽ കുറിച്ചിട്ടു. കുട്ടികളിൽ ചെറുപ്രായത്തിൽ തന്നെ വ്യക്തമായ ലക്ഷ്യബോധം വളർത്തിയെടുക്കാൻ ഇതിലൂടെ കഴിയുമെന്ന് ജില്ലാ കളക്ടർ പറഞ്ഞു.

**ആരോഗ്യ പാഠങ്ങളുമായി ബിന്ദു ചേച്ചി**

സംവാദത്തിന് മുന്നോടിയായി കുട്ടികളുടെ വ്യക്തിശുചിത്വത്തെക്കുറിച്ചും ആരോഗ്യ സംരക്ഷണത്തെക്കുറിച്ചും അവബോധം നൽകുന്ന ക്ലാസും സംഘടിപ്പിച്ചിരുന്നു. 'ഇ-ഉന്നതി' എൻ .ജി. ഒയിൽ നിന്നുള്ള ഡോ. ബിന്ദു സത്യജിത് കുട്ടികളോട് സംസാരിക്കുകയും, അവർക്കായി പേഴ്സണൽ ഹൈജീൻ കിറ്റുകൾ വിതരണം ചെയ്യുകയും ചെയ്തു.

വിദ്യാർത്ഥി സമ്പർക്ക പരിപാടിയുടെ ആദ്യ എഡിഷനിൽ തെങ്ങോട് ഗവ. ഹൈസ്കൂളിൽ നിന്നുള്ള 25 വിദ്യാർഥിനികളാണ് എത്തിയത്. വിദ്യാഭ്യാസ വകുപ്പിന്റെ നേതൃത്വത്തിൽ കുട്ടികൾക്കായി പ്രത്യേക ബസ് സൗകര്യവും ഒരുക്കിയിരുന്നു. എല്ലാ ബുധനാഴ്ചകളിലും ജില്ലയിലെ വിവിധ സ്കൂളുകളിൽ നിന്നുള്ള കുട്ടികൾക്ക് ജില്ലാ കളക്ടറുമായി നേരിട്ട് സംവദിക്കാൻ 'ഇൻസ്പയർ വെഡ്നെസ്ഡേ'യിലൂടെ അവസരമൊരുങ്ങും.

# വിവിധ ജില്ലകളിൽ ഓറഞ്ച് അലർട്ട്; ഒറ്റപ്പെട്ടയിടങ്ങളിൽ അതിശക്തമായ മഴയ്ക്കുള്ള സാധ്യത

**കൊച്ചി:** വിവിധ ജില്ലകളിൽ കേന്ദ്ര കാലാവസ്ഥ വകുപ്പ് വരും ദിവസങ്ങളിലേക്ക് ഓറഞ്ച് അലർട്ട് പ്രഖ്യാപിച്ചു. ഒറ്റപ്പെട്ടയിടങ്ങളിൽ അതിശക്തമായ മഴയ്ക്കുള്ള സാധ്യതയാണ് പ്രവചിച്ചിരിക്കുന്നത്.

ജൂൺ 4ന് തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, ഇടുക്കി, എറണാകുളം, തൃശൂർ ജില്ലകളിലും ജൂൺ 5ന് എറണാകുളം, തൃശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിലും ഓറഞ്ച് അലർട്ട് പ്രഖ്യാപിച്ചു.

ജൂൺ 6ന് പത്തനംതിട്ട, കോട്ടയം, ഇടുക്കി, എറണാകുളം, തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിലും ജൂൺ 7ന് തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിലും കൂടാതെ ജൂൺ 8ന് കോഴിക്കോട്, വയനാട്, കണ്ണൂർ, കാസറഗോഡ് ജില്ലകളിലും ഓറഞ്ച് അലർട്ട് പ്രഖ്യാപിച്ചിട്ടുണ്ട്.

കേരളത്തിലെ എല്ലാ ജില്ലകളിലും 24 മണിക്കൂറും പ്രവർത്തിക്കുന്ന താലൂക്ക്, ജില്ലാ കൺട്രോൾ റൂമുകൾ ഉണ്ട്. അപകടസാധ്യത മുന്നിൽ കാണുന്ന ഘട്ടത്തിലും സഹായങ്ങൾക്കുമായി 1077, 1070 എന്നീ ടോൾ ഫ്രീ നമ്പറുകളിൽ ബന്ധപ്പെടാം. അലർട്ടുകൾ പ്രഖ്യാപിച്ച ജില്ലകളിൽ എങ്ങനെയാണ് മുന്നൊരുക്കങ്ങൾ നടത്തേണ്ടതെന്നും ഏത് തരത്തിലാണ് അലർട്ടുകളെ മനസിലാക്കേണ്ടത് എന്നും സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ ഓറഞ്ച് പുസ്തകം 2025 ൽ വിശദീകരിക്കുന്നുണ്ട്. അത് https://sdma.kerala.gov.in/wp-content/uploads/2025/08/Orange-Book-of-Disaster-Management-2025.pdf എന്ന ലിങ്കിൽ ലഭ്യമാണ്. കേന്ദ്ര കാലാവസ്ഥ വകുപ്പ് മുന്നറിയിപ്പിൽ മാറ്റങ്ങൾ വരുത്തുന്നതനുസരിച്ച് അലർട്ടുകളിൽ മാറ്റം വരാവുന്നതാണ്.

ദുരന്ത നിവാരണ അതോറിറ്റിയുടെ ഫേസ്ബുക്ക്, ടിറ്റർ പേജുകളും പരിശോധിക്കുക.

## സൗജന്യ സ്റ്റെനോഗ്രാഫി പരിശീലനം: അപേക്ഷ ക്ഷണിച്ചു

**കൊച്ചി:** എംപ്ലോയ്മെന്റ് വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന കോച്ചിംഗ് കം ഗൈഡൻസ് സെന്റർ ഫോർ എസ് സി/ എസ് ടി സൗജന്യ സ്റ്റെനോഗ്രാഫി ആൻഡ് വേർഡ് പ്രോസസ്സിംഗ് പരിശീലം സംഘടിപ്പിക്കും.

10 മാസം ദൈർഘ്യമുള്ള പരിശീലനം ജൂൺ അവസാന വാരത്തോടെ തൃപ്പൂണിത്തുറ മിനി സിവിൽ സ്റ്റേഷനിലെ സി.ജി.സി ഓഫീസിൽ ആരംഭിക്കും.

എറണാകുളം, കോട്ടയം, ഇടുക്കി, തൃശ്ശൂർ എന്നീ ജില്ലകളിലെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്തിട്ടുള്ള എസ്എസ്എൽ.സി പാസ്സായ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ഉദ്യോഗാർത്ഥികൾക്കാണ് അപേക്ഷിക്കാം. പ്രായപരിധി 18 നും 41 നും മധ്യേ. പരിശീലന കാലയളവിൽ നിയമാനുസൃത സ്റ്റൈപ്പന്റും സൗജന്യ പഠനോപകരണങ്ങളും ലഭിക്കും. ആകെ 20 സീറ്റുകളാണുള്ളത്. താത്പര്യമുള്ള ഉദ്യോഗാർത്ഥികൾ ബയോഡേറ്റ cgcekm.emp.lbr@kerala.gov.in എന്ന ഇ-മെയിൽ വിലാസത്തിലേക്ക് അയക്കേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് 0484-2312944 എന്ന നമ്പറിൽ ബന്ധപ്പെടുക.

# ലോക പരിസ്ഥിതി ദിനം: സംസ്ഥാനതല ഫലവൃക്ഷത്തൈ നടീൽ പദ്ധതിക്കും 'കതിര്' കാർഷിക ക്ലബ്ബുകൾക്കും നാളെ തുടക്കമാകും

**തിരുവനന്തപുരം:** ലോക പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് സംസ്ഥാന കൃഷി വകുപ്പും പൊതുവിദ്യാഭ്യാസ വകുപ്പും സംയുക്തമായി നടപ്പിലാക്കുന്ന സംസ്ഥാനതല ഫലവൃക്ഷത്തൈ നടീൽ പദ്ധതിക്കും വിദ്യാലയതല 'കതിര്' (KATHIRU) കാർഷിക ക്ലബ്ബുകൾക്കും ഇന്ന് തുടക്കമാകും. തിരുവനന്തപുരം സെക്രട്ടേറിയറ്റ് അങ്കണത്തിൽ രാവിലെ 10.30ന് നടക്കുന്ന ചടങ്ങിൽ മുഖ്യമന്ത്രി വി.ഡി. സതീശൻ പദ്ധതികളുടെ സംസ്ഥാനതല ഉദ്ഘാടനം നിർവഹിക്കും.

കൃഷി വകുപ്പ് മന്ത്രിയുടെ അധ്യക്ഷതയിൽ നടക്കുന്ന ചടങ്ങിൽ വിദ്യാഭ്യാസ വകുപ്പ് മന്ത്രി മുഖ്യാതിഥിയായി പങ്കെടുക്കും. വിവിധ വകുപ്പ് മന്ത്രിമാർ, ജനപ്രതിനിധികൾ, കർഷകർ, ഉന്നത ഉദ്യോഗസ്ഥർ, വിദ്യാർത്ഥികൾ, അധ്യാപകർ എന്നിവർ ചടങ്ങിൽ സംബന്ധിക്കും. ഉദ്ഘാടന ചടങ്ങിനോടനുബന്ധിച്ച് സംസ്ഥാനത്തെ എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളിലും കൃഷി ഉദ്യോഗസ്ഥരുടെയും ജനപ്രതിനിധികളുടെയും നേതൃത്വത്തിൽ ഫലവൃക്ഷത്തൈകൾ നട്ടുപിടിപ്പിക്കും.

ചടങ്ങിന്റെ ഭാഗമായി കൃഷിയിൽ മികച്ച നേട്ടം കൈവരിച്ച അഞ്ച് കുട്ടി കർഷകരെ മുഖ്യമന്ത്രി ആദരിക്കും. വിദ്യാലയങ്ങളിൽ ഹരിതവൽക്കരണ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിനായി ഫലവൃക്ഷത്തൈകളും പച്ചക്കറി വിത്തുകളും അടങ്ങുന്ന പ്രത്യേക ഹരിത കിറ്റുകളും വിതരണം ചെയ്യും.

ഓണക്കാലത്ത് സുരക്ഷിതവും വിഷരഹിതവുമായ പച്ചക്കറികളുടെയും പൂക്കളുടെയും ഉൽപ്പാദനം പ്രോത്സാഹിപ്പിക്കുന്ന 'ഓണത്തിനൊരുക്കാം വിളവിന്റെ വിസ്മയം 2026' പദ്ധതിയുടെ ഭാഗമായി സെക്രട്ടേറിയറ്റ് അങ്കണത്തിൽ സജ്ജമാക്കിയ മാതൃകാ പച്ചക്കറിത്തോട്ടത്തിന്റെ ഉദ്ഘാടനവും മുഖ്യമന്ത്രി നിർവഹിക്കും.

വിദ്യാർത്ഥികളിൽ കാർഷിക അവബോധം, പ്രകൃതിസ്നേഹം, പരിസ്ഥിതി ഉത്തരവാദിത്തബോധം എന്നിവ വളർത്തുന്നതിന് സംസ്ഥാനത്തെ സർക്കാർ-എയ്ഡഡ് വിദ്യാലയങ്ങളിൽ ആരംഭിക്കുന്ന 'കതിര്' കാർഷിക ക്ലബ്ബുകളിലൂടെ കാർഷിക സാങ്കേതികവിദ്യ, പാരമ്പര്യ അറിവുകൾ, പരിസ്ഥിതി സംരക്ഷണം, ഹോർട്ടികൾച്ചറൽ തെറാപ്പി, വിഷരഹിത ഭക്ഷ്യോൽപ്പാദനം തുടങ്ങിയ മേഖലകളിൽ വിദ്യാർത്ഥികൾക്ക് പ്രാവീണ്യം നൽകും. ലഹരി ഉപയോഗ പ്രവണതകൾക്കും ഡിജിറ്റൽ അടിമത്തത്തിനുമെതിരെ വിദ്യാർത്ഥികളിൽ ആരോഗ്യകരമായ ജീവിതശൈലിയും പ്രകൃതിയോടും കൃഷിയോടുമുള്ള അടുപ്പവും വളർത്തിയെടുക്കാൻ 'കതിര്' ക്ലബ്ബുകൾ സഹായകമാകും. കൃഷി അധിഷ്ഠിത പ്രവർത്തനങ്ങളിലൂടെ കുട്ടികളുടെ മാനസിക, സാമൂഹിക ക്ഷേമം മെച്ചപ്പെടുത്താനും പദ്ധതി ലക്ഷ്യമിടുന്നു.

ലോക പരിസ്ഥിതി ദിനത്തിന്റെ സന്ദേശം വിദ്യാലയങ്ങളിലൂടെയും സമൂഹത്തിലൂടെയും ജനങ്ങളിലേക്കെത്തിക്കുന്നതിന്റെ ഭാഗമായി സംഘടിപ്പിക്കുന്ന ഈ ബൃഹത് ഹരിത യജ്ഞത്തിൽ എല്ലാവരുടെയും സഹകരണവും പങ്കാളിത്തവും കൃഷി വകുപ്പ് അഭ്യർത്ഥിച്ചു.

# കാർഷിക വായ്പകൾക്ക് പലിശ സബ്സിഡി: എഐഎഫ് പദ്ധതികളിലേക്ക് സെപ്റ്റംബർ 30 വരെ അപേക്ഷിക്കാം

**കൊച്ചി:** കർഷകരുടെയും കാർഷിക സംരംഭകരുടെയും കാർഷിക അടിസ്ഥാന സൗകര്യ വികസനത്തിന് മികച്ച പിന്തുണ നൽകുന്ന കാർഷിക അടിസ്ഥാന സൗകര്യ വികസന വായ്പ പദ്ധതിയിൽ (Agriculture Infrastructure Fund - AIF) അപേക്ഷകൾ സമർപ്പിക്കുന്നതിനുള്ള അവസാന തീയതി സെപ്റ്റംബർ 30 വരെ ദീർഘിപ്പിച്ചതായി കൃഷി ഡയറക്ടറേറ്റ് അറിയിച്ചു. പദ്ധതിയുടെ ഭാഗമായി 2 കോടി രൂപ വരെയുള്ള വായ്പകൾക്ക് പരമാവധി 7 വർഷത്തേക്ക് 3 ശതമാനം സബ്സിഡിയോട് കൂടി 6 ശതമാനം പലിശക്കാണ് കാർഷിക വായ്പകൾ ലഭ്യമാകുക. കൂടാതെ, ക്രെഡിറ്റ് ഗ്യാരി കവറിന്റെ പരിധിയിൽ വരുന്ന 2 കോടി രൂപ വരെയുള്ള വായ്പകൾക്ക് അധിക ഈട് നൽകേണ്ടതില്ല എന്നതും പദ്ധതിയുടെ പ്രധാന ആകർഷണമാണ്.

കാർഷിക ഉൽപ്പന്നങ്ങളുടെ സംഭരണം, സംസ്കരണം, മൂല്യവർധിത ഉൽപ്പന്ന നിർമാണം, ശീതീകരണ ശൃംഖല, കാർഷിക യന്ത്രവത്കരണം, ഡ്രോൺ സേവന കേന്ദ്രങ്ങൾ, കാർഷിക ലോജിസ്റ്റിക്സ് തുടങ്ങി വിവിധ അടിസ്ഥാന സൗകര്യ വികസന പദ്ധതികൾക്ക് പദ്ധതിയിലൂടെ ധനസഹായം ലഭ്യമാക്കാം. PM-FME, SMAM, MIDH, SHM ഉൾപ്പെടെയുള്ള കേന്ദ്ര-സംസ്ഥാന സബ്സിഡി പദ്ധതികളുമായി സംയോജിപ്പിച്ചും AIF പദ്ധതിയുടെ ആനുകൂല്യങ്ങൾ പ്രയോജനപ്പെടുത്താൻ സാധിക്കും. പദ്ധതിയുടെ വിശദാംശങ്ങൾക്കായി കർഷകരും കാർഷിക സംരംഭകരും സമീപത്തെ ബാങ്ക് ശാഖകളുമായോ കൃഷിഭവനുമായോ ബന്ധപ്പെടാവുന്നതാണ്.

കൂടുതൽ വിവരങ്ങൾ www.agriinfra.dac.gov.in എന്ന വെബ്സൈറ്റിൽ ലഭ്യമാണ്. പദ്ധതി നടപ്പിലാക്കുന്ന സംസ്ഥാനതല പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റുമായി ബന്ധപ്പെടുന്നതിനുള്ള ഫോൺ നമ്പറുകൾ: 8137008197, 8921540233, 9020060507.

## സംസ്കൃത സർവകലാശാലയിൽ സൈക്കിൾ റാലിയും ബോധവൽക്കരണ പരിപാടികളുമായി ലോക പരിസ്ഥിതി ദിനാചരണം

**കൊച്ചി:** ശ്രീശങ്കരാചാര്യ സംസ്കൃത സർവകലാശാലയിലെ ഫിസിക്കൽ എഡ്യൂക്കേഷൻ ആൻഡ് സ്പോർട്സ് വകുപ്പ് ഇന്ന് ലോക പരിസ്ഥിതി ദിനം വിവിധ ബോധവൽക്കരണ പരിപാടികളോടെ ആചരിക്കുന്നു. രാവിലെ ഏഴിന് സൈക്കിൾ റാലി സംഘടിപ്പിക്കും. കാലടിയിൽ നിന്ന് ആരംഭിക്കുന്ന സൈക്കിൾ റാലി മറ്റൂർ വഴി സഞ്ചരിച്ച് കാലടി പോലീസ് സ്റ്റേഷനും സർവകലാശാലാ കാമ്പസും വഴി തിരികെ കാലടിയിൽ സമാപിക്കും. പരിസ്ഥിതി സംരക്ഷണത്തിന്റെ പ്രാധാന്യം പൊതുജനങ്ങളിലേക്ക് എത്തിക്കുന്നതിനായി മൂകാഭിനയ അവതരണവും സംഘടിപ്പിക്കുന്നതാണ്. രാവിലെ 10ന് ഫിസിക്കൽ എഡ്യൂക്കേഷൻ ആൻഡ് സ്പോർട്സ് വകുപ്പിൽ പരിസ്ഥിതി സംരക്ഷണവുമായി ബന്ധപ്പെട്ട് ഡോ. ബിജു വിൻസന്റ് മുഖ്യപ്രഭാഷണം നടത്തും. തുടർന്ന് പാനൽ ചർച്ച നടക്കും.

## ബി.ടെക് ലാറ്ററൽ എൻട്രി: ന്യൂനത പരിഹരിക്കാം

**കൊച്ചി:** സംസ്ഥാനത്തെ സർക്കാർ/ സ്വാശ്രയ കോളേജുകളിലേക്ക് 2026-27 അദ്ധ്യായന വർഷത്തെ ബി.ടെക് ലാറ്ററൽ എൻട്രി (റെഗുലർ ആൻഡ് വർക്കിംഗ് പ്രൊഫഷണൽസ്) കോഴ്സിന്റെ പ്രവേശന പരീക്ഷയുമായി ബന്ധപ്പെട്ട് സമർപ്പിച്ച അപേക്ഷകളുടെ സൂക്ഷ്മ പരിശോധന പൂർത്തിയായി. ജൂൺ 10ന് മുൻപായി www.lbscentre.kerala.gov.in ലെ അപ്ലിക്കേഷൻ പോർട്ടൽ മുഖേന തിരുത്തലുകൾ നൽകാം. അപേക്ഷാർത്ഥിയുടെ ലോഗിൻ പോർട്ടലിൽ ലഭ്യമായ റിമാർക്സ് പ്രകാരം ആവശ്യമായ തിരുത്തലുകൾ വരുത്തിയവർ ഇനി അത് ചെയ്യേതില്ല. കൂടുതൽ വിവരങ്ങൾക്ക്: 0471-2324396, 2560327.

സൊസൈറ്റി ടുഡേ
SOCIETY TODAY

# സംസ്കൃത സർവ്വകലാശാലയുടെ കാലടി കാമ്പസിലെ ജൈവവൈവിധ്യം ശ്രദ്ധേയമാകുന്നു

## കാമ്പസ് നിശാശലഭങ്ങളാൽ സമ്പന്നമെന്ന് പഠന റിപ്പോർട്ട്

**കൊച്ചി:** ശ്രീശങ്കരാചാര്യ സംസ്കൃത സർവ്വകലാശാലയുടെ കാലടി മുഖ്യ കാമ്പസിലെ ജൈവവൈവിധ്യം ശ്രദ്ധേയമാകുന്നു. 863 സ്പീഷിസുകളിലായി 4084 നീരീക്ഷണങ്ങളാണ് കാമ്പസിൽ രേഖപ്പെടുത്തിയിരിക്കുന്നതെന്ന് ഇത് സംബന്ധിച്ച് തയ്യാറാക്കിയ റിപ്പോർട്ടിൽ പറയുന്നു. രേഖപ്പെടുത്തിയ വിഭാഗങ്ങളിൽ ഏറ്റവും കൂടുതൽ ജൈവവൈവിധ്യം രേഖപ്പെടുത്തിയിരിക്കുന്നത് ശലഭങ്ങളിലും നിശാശലഭങ്ങളിലുമാണ്. 430 സ്പീഷീസുകളിലായി 2963 നീരീക്ഷണങ്ങൾ ഈ വിഭാഗത്തിൽ കാമ്പസിലുണ്ട്. ഇതിൽ ശലഭങ്ങൾ 67 സ്പീഷീസുകളിലായി 383 നിരീക്ഷണങ്ങളും, നിശാശലഭങ്ങൾ 363 സ്പീഷീസുകളിലായി 2580 നിരീക്ഷണങ്ങളുമാണുള്ളത്. സർവ്വകലാശാലയുടെ കാലടി കാമ്പസ് നിശാശലഭ വൈവിധ്യത്താൽ സമ്പന്നമാണെന്ന് റിപ്പോർട്ടിൽ പറയുന്നു. കേരളത്തിൽ ഇതുവരെ തിരിച്ചറിഞ്ഞിട്ടുള്ള ഏകദേശം 2215 നിശാശലഭ സ്പീഷീസുകളിൽ കാലടി കാമ്പസിൽ മാത്രം 363 സ്പീഷീസുകൾ കാണുന്നുണ്ട്. കേരളത്തിലെ മൊത്തം നിശാശലഭ വൈവിധ്യത്തിന്റെ ഏകദേശം 16.39 ശതമാനം കാലടി സർവ്വകലാശാല കാമ്പസിൽ കാണപ്പെടുന്നു. സർവ്വകലാശാല കാമ്പസിന്റെ അതുല്യമായ മൈക്രോ-ഹാബിറ്റാറ്റ് വൈവിധ്യത്തിന്റെയും പരിസ്ഥിതി സമൃദ്ധിയുടെയും തെളിവാണിതെന്ന് റിപ്പോർട്ട് സാക്ഷ്യപ്പെടുത്തുന്നു.



*ശ്രീശങ്കരാചാര്യ സംസ്കൃത സർവ്വകലാശാലയുടെ കാലടി കാമ്പസിൽ ജൈവവൈവിധ്യ മാപ്പിംഗ് നടത്തി റിപ്പോർട്ട് തയ്യാറാക്കിയ സുകൃതി ഫോറസ്ട്രി ക്ലബ് അംഗങ്ങളായ ചരിത്ര ഗവേഷണ വിദ്യാർത്ഥി കെ. എ. ശ്രീജിത്ത്, മുൻ ലൈബ്രറി ജീവനക്കാരൻ പി. ജി. മനോജ്, ഇംഗ്ലീഷ് ഗവേഷക വിദ്യാർത്ഥിനികളായ പി. ധന്യ, ഐശ്വര്യ സുരേഷ്, ജ്യോഗ്രഫി വിഭാഗം ഗവേഷണ വിദ്യാർത്ഥി ടി. ആദർശ്.*

സർവ്വകലാശാലയിലെ സുകൃതി ഫോറസ്ട്രി ക്ലബിന്റെ നേതൃത്വത്തിൽ നടപ്പിലാക്കുന്ന സിറ്റിസൺ സയൻസ് ജൈവവൈവിധ്യ മാപ്പിംഗ് സംരഭമാണ് കാമ്പസിലെ സമ്പന്നമായ ജൈവവൈവിധ്യത്തെ ഔദ്യോഗികമായി രേഖപ്പെടുത്തിയത്. ആഗോള ജൈവവൈവിധ്യ ഡോക്യുമെന്റേഷൻ പ്ലാറ്റ്ഫോമായ ഐനാച്ചുറലിസ്റ്റ് ഡോട്ട് ഓർഗ് (inaturalist.org) ഉപയോഗിച്ചാണ് ഡോക്യുമെന്റേഷൻ നിർവ്വഹിച്ച് റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. 'ബയോഡൈവേഴ്സിറ്റി ഓഫ് ശ്രീശങ്കരാചാര്യ യൂണിവേഴ്സിറ്റി ഓഫ് സാൻസ്ക്രിറ്റ്, കാലടി' എന്ന പേരിലുള്ള ഈ പഠന സംരംഭം 2024 ഒക്ടോബർ രണ്ടിനാണ് ആരംഭിച്ചത്.

പക്ഷികളിൽ 59 സ്പീഷീസുകളിലായി 167 നിരീക്ഷണങ്ങളും തുമ്പികളിൽ 32 സ്പീഷീസുകളിലായി 152 നിരീക്ഷണങ്ങളും 52 സ്പീഷീസുകളിലായി 125 നിരീക്ഷണങ്ങളും, ഈച്ചകളിൽ 18 സ്പീഷീസുകളിലായി 32 നിരീക്ഷണങ്ങളുമുണ്ടെന്ന് റിപ്പോർട്ടിലുണ്ട്. ചിലന്തികൾ (16 സ്പീഷിസുകൾ), സസ്യങ്ങൾ (141 സ്പീഷിസുകൾ), തവളകൾ (6 സ്പീഷീസുകൾ), പാമ്പുകൾ (എട്ട് സ്പീഷീസുകൾ) എന്നിവയും സർവ്വകലാശാലയുടെ കാലടി കാമ്പസിലുണ്ട്.

അപൂർവ്വമായ നിശാശലഭങ്ങളുടെ കണ്ടെത്തലാണ് റിപ്പോർട്ടിൽ ഏറെ ശ്രദ്ധേയമായിരിക്കുന്നത്. Laeliz Umbrina എന്ന നിശാലഭത്തിന്റെ കണ്ടെത്തൽ കേരളത്തിൽ ഇദംപ്രഥമമായും ഇന്ത്യയിൽ നിന്നുള്ള രണ്ടാമത്തെ ഐനാച്ചുറലിസ്റ്റ് രേഖയുമാണ്. Orgyia Osseataയും സംസ്ഥാനത്ത് ആദ്യമായി കണ്ടെത്തിയ നിശാശലഭമാണ്. ഈ നിശാശലഭവും ഇന്ത്യയിൽ നിന്നുള്ള ആദ്യ ഐനാച്ചുറലിസ്റ്റ് രേഖയാണെന്ന് റിപ്പോർട്ടിൽ പറയുന്നു. കൂടാതെ Miltochristaila, Slug Caterpillar Moths കുടുംബത്തിൽപ്പെടുന്ന Limacodidac Paroxyplax എന്ന നിശാശലഭത്തിന്റെ ജീനസും ആദ്യമായി ഇന്ത്യയിൽ നിന്ന് രേഖപ്പെടുത്തിയിരിക്കുന്നത് ശ്രീശങ്കരാചാര്യ സംസ്കൃത സർവ്വകലാശാലയുടെ കാലടി കാമ്പസിൽ നിന്നാണ്. അപൂർവ്വങ്ങളായ നിശാശലഭങ്ങളുടെ കണ്ടെത്തലുകൾ നിശാശലഭ ടാക്സോണമി വിദഗ്ദ്ധരുടെ സഹായത്തോടെ സ്ഥിരീകരിച്ച് വരുന്നതായി സർവ്വകലാശാലയിലെ സുകൃതി ഫോറസ്ട്രി ക്ലബ് കൺവീനറും ജ്യോഗ്രഫി ഗവേഷക വിദ്യാർത്ഥിയുമായ ടി. ആദർശ് പറഞ്ഞു.

സർവ്വകലാശാലയിലെ സുകൃതി ഫോറസ്ട്രി ക്ലബ് കൺവീനറും ജ്യോഗ്രഫി ഗവേഷക വിദ്യാർത്ഥിയുമായ ടി. ആദർശ്, ക്ലബ് അംഗങ്ങളും ഇംഗ്ലീഷ് വിഭാഗം ഗവേഷകരുമായ ഐശ്വര്യ സുരേഷ്, പി. ധന്യ, ചരിത്ര വിഭാഗം ഗവേഷകനായ കെ. എ. ശ്രീജിത്, സർവ്വകലാശാല ലൈബ്രറിയിൽ നിന്നും വിരമിച്ച ജീവനക്കാരൻ പി. ജി. മനോജ് എന്നിവരാണ് പഠനം നടത്തി റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. കാമ്പസിൽ കണ്ടെത്തുന്ന ജീവികളുടെ ചിത്രങ്ങൾ ഐനാച്ചുറലിസ്റ്റ് പ്ലാറ്റ്ഫോമിൽ അപ്‌ലോഡ് ചെയ്യപ്പെടുന്നു. ഓരോ കണ്ടെത്തലുകളും ജിയോ-ടാഗ് ചെയ്യപ്പെടുകയും ആർട്ടിഫിഷ്യൽ ഇന്റലിജൻസിന്റെ സഹായത്തോടെ പ്രാഥമികമായി തിരിച്ചറിയുകയും ചെയ്യുന്നു. തുടർന്ന് ലോകമെമ്പാടുമുള്ള ശാസ്ത്രജ്ഞരും പ്രകൃതി പഠന വിദഗ്ദ്ധരും ചേർന്ന് ഈ കണ്ടെത്തലുകളെ സ്ഥിരീകരിക്കുന്നു. ഇതിലൂടെ ശാസ്ത്രീയമായ കൃത്യത ഉറപ്പ് വരുത്തുന്നു, പി. ജി. മനോജ് പറഞ്ഞു.

ശ്രീശങ്കരാചാര്യ സംസ്കൃത സർവ്വകലാശാലയുടെ കാലടി കാമ്പസിൽ സജ്ജീകരിച്ചിരിക്കുന്ന പൂർണ്ണ പക്ഷി സങ്കേതം സർവ്വകലാശാലയുടെ മാത്രം പ്രത്യേകതയാണ്. കേരളത്തിലെ സർവ്വകലാശാലകളിൽ, കാമ്പസിൽ സ്വന്തമായി പക്ഷിസങ്കേതം ഒരുക്കിയിരിക്കുന്ന ഏക സർവ്വകലാശാലയും ശ്രീശങ്കരാചാര്യ സംസ്കൃത സർവ്വകലാശാലയാണ്.

പെരിയാറിന് സമീപമുള്ള സർവ്വകലാശാല കാമ്പസ് വിവിധ സസ്യ-ജീവജാലങ്ങൾക്ക് അനുകൂലമായ അവാസ വ്യവസ്ഥയാണ് ഒരുക്കിയിരിക്കുന്നത്.



ശ്രീശങ്കരാചാര്യ സംസ്കൃത സർവ്വകലാശാലയുടെ കാലടി കാമ്പസ്

## സംസ്കൃത സർവകലാശാലയിൽ ദേശീയ പരിസ്ഥിതിദിന സെമിനാർ

**കൊച്ചി;** ലോക പരിസ്ഥിതി ദിനത്തോട് അനുബന്ധിച്ച് ശ്രീശങ്കരാചാര്യ സംസ്കൃത സർവകലാശാല യുടെ കാലടി മുഖ്യ കാമ്പസിലെ സംസ്കൃതം വേദാന്തം വിഭാഗത്തിന്റെ ആഭിമുഖ്യത്തിൽ ജൂൺ അഞ്ചിന് ഉച്ചകഴിഞ്ഞ് രണ്ടിന് മീഡിയ സെന്ററിൽ ദേശീയ പരിസ്ഥിതിദിന സെമിനാർ സംഘടിപ്പിക്കുന്നു. സിൻഡിക്കേറ്റ് അംഗം ഡോ. ആർ. എസ്. വിനീത് ദേശീയ പരിസ്ഥിതിദിന സെമിനാർ ഉദ്ഘാടനം ചെയ്യും. ഡോ. വന്ദന ശർമ്മ ദിയ (അസിസ്റ്റന്റ് പ്രൊഫസർ, ഫിലോസഫി വിഭാഗം, സക്കീർ ഹുസൈൻ ഡൽഹി കോളേജ്, ഡൽഹി സർവ്വകലാശാല) മുഖ്യ പ്രഭാഷണം നിർവ്വഹിക്കും. 'പരിസ്ഥിതി സൗഹാർദ്ദവും ശങ്കര വേദാന്തവും' എന്നതാണ് പ്രഭാഷണ വിഷയം. ഡോ. ജി നാരായണൻ അധ്യക്ഷനായിരിക്കും. ഡോ. എസ്. ഷീബ, ഡോ. വി. ജയലക്ഷ്മി എന്നിവർ പ്രസംഗിക്കും.

സൊസൈറ്റി ടുഡേ
SOCIETY TODAY

# ടാറ്റ മോട്ടോഴ്സ് ഇൻട്രാ വി40 ബൈ–ഫ്യൂവൽ പിക്കപ്പ് വിപണിയിൽ

**കൊച്ചി:** ചെറുകിട വാണിജ്യ വാഹന, പിക്കപ്പ് വിഭാഗങ്ങളിലെ ബദൽ ഇന്ധന സാന്നിധ്യം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി ടാറ്റ മോട്ടോഴ്സ് പുതിയ ഇൻട്രാ വി40 ബൈ-ഫ്യൂവൽ പിക്കപ്പ് വാഹനം പുറത്തിറക്കി. സിഎൻജി- പെട്രോൾ ബൈ- ഫ്യൂവൽ സാങ്കേതികവിദ്യയിൽ പ്രവർത്തിക്കുന്ന വാഹനത്തിന് 1,525 കിലോഗ്രാം പേലോഡും 2,960(9.7) അടി നീളമുള്ള ലോഡ് ബോഡിയാണുള്ളത്. 1.2 ലിറ്റർ എഞ്ചിൻ കരുത്തിൽ 58 ബിഎച്ച്പി പവറും 106 എൻഎം ടോർക്കും ഈ വാഹനം നൽകുന്നു. ദീർഘദൂര യാത്രകളിൽ ഇന്ധനക്ഷമത ഉറപ്പാക്കാനായി 110 ലിറ്റർ ശേഷിയുള്ള വലിയ സിഎൻജി ടാങ്കും വാഹനത്തിൽ സജ്ജീകരിച്ചിട്ടുണ്ട്.




# മലബാർ ഗ്രൂപ്പിന്റെ ഹംഗർ ഫ്രീ വേൾഡ് പദ്ധതി

**കൊച്ചി:** വിശപ്പ് രഹിത ലോകം എന്ന ആശയം മുൻനിർത്തി മലബാർ ഗ്രൂപ്പ് നടപ്പാക്കുന്ന സൗജന്യ ഭക്ഷണ വിതരണ പദ്ധതിയായ 'ഹംഗർ ഫ്രീ വേൾഡ് പദ്ധതി'യുടെ സാമൂഹ്യ സ്വാധീനം വ്യക്തമാക്കുന്ന റിപ്പോർട്ട് പുറത്ത് വിട്ടു. ഇംപാക്ട് സ്റ്റോറീസ്: എങ്ങനെയാണ് ഒരു നേരത്തെ പ്രതിദിന ഭക്ഷണം ജീവിതം മാറ്റിമറിക്കാൻ വഴിതുറക്കുന്നത്' എന്ന പേരിലുള്ള റിപ്പോർട്ട് ലോക വിശപ്പ് ദിനമായ മെയ് 28നാണ് പുറത്ത് വിട്ടത്.

'തണൽ' സന്നദ്ധ സംഘടനയുടെ സഹകരണത്തോടെ മലബാർ ഗ്രൂപ്പ് നടപ്പാക്കി വരുന്ന ഹംഗർ ഫ്രീ വേൾഡ് പദ്ധതിയിലൂടെ തെരുവിൽ കഴിയുന്ന ദുർബലരായ ആളുകളുടെ വിശപ്പടക്കാനും അവർക്ക് വൈദ്യസഹായം, അഭയം, അന്തസാർന്ന ജീവിതം, കുടുംബങ്ങളുമായുള്ള പുനഃസമാഗമം എന്നിവ ഉറപ്പാക്കാനും എങ്ങനെ സാധിച്ചു എന്നാണ് ഈ റിപ്പോർട്ടിലുള്ളത്.

നിലവിൽ ഇന്ത്യയിലെ 20 സംസ്ഥാനങ്ങളിലും, ആറ് ജി.സി.സി രാജ്യങ്ങൾ, യു.എസ്.എ, യു.കെ, സാംബിയ എന്നിവയുൾപ്പെടെ ഒൻപത് വിദേശ രാജ്യങ്ങളിലുമായാണ് ഈ പദ്ധതി നടത്തുന്നത്. ഹംഗർ ഫ്രീ വേൾഡ് പദ്ധതിയുടെ ഭാഗമായുള്ള മൈക്രോ ലേണിംഗ് സെന്ററുകൾ', 'സ്ട്രീറ്റ് മീൽ ഡിസ്ട്രിബ്യൂഷൻ പ്രോഗ്രാം' എന്നീ രണ്ട് പ്രധാന പരിപാടികളിലൂടെ 1,43,000 ഗുണഭോക്താക്കളിലേക്ക് ഈ പദ്ധതി എത്തുന്നുണ്ട്.

മലബാർ ഗ്രൂപ്പ് തങ്ങളുടെ അന്തിമ വ്യാപാര ലാഭത്തിന്റെ അഞ്ച് ശതമാനം വിവിധ സിഎസ്ആർ പ്രവർത്തനങ്ങൾക്കായി മാറ്റിവെക്കുന്നുണ്ട്. വിശപ്പ് നിർമാർജനം, വിദ്യാഭ്യാസം, ആരോഗ്യം, ഭവന നിർമാണം, വനിതാ ശാക്തീകരണം, പരിസ്ഥിതി സംരക്ഷണം എന്നിവയുമായി ബന്ധപ്പെട്ട ദീർഘകാല പദ്ധതികളാണ് ഇതിൽ ഉൾപ്പെടുന്നത്.

# മികച്ച ചാപ്റ്ററിനുള്ള ഐ സി എം എ ഐ പുരസ്കാരം കൊച്ചി ചാപ്റ്ററിന്

**കൊച്ചി:** ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കോസ്റ്റ് അക്കൗണ്ടന്റ്സ് ഓഫ് ഇന്ത്യ (ഐ സി എം എ ഐ)യുടെ കൊച്ചി ചാപ്റ്ററിന് 2025- 26 വർഷത്തെ (കാറ്റഗറി-ബി) മികച്ച ചാപ്റ്റർ പുരസ്കാരം ലഭിച്ചു.

പശ്ചിമ ബംഗാളിലെ സിലിഗുരിയിൽ നടന്ന ദേശീയ ചാപ്റ്റേഴ്സ് മീറ്റിലാണ് പുരസ്കാരം പ്രഖ്യാപിച്ചത്. പ്രൊഫഷണൽ വികസനം, വിദ്യാർഥി പങ്കാളിത്തം, സ്ഥാപന മികവ് എന്നിവയിലൂന്നിയ ശ്രദ്ധേയമായ പ്രവർത്തനങ്ങൾക്കുള്ള അംഗീകാരമായാണ് ഈ ബഹുമതി ലഭിച്ചത്.




*ഐ സി എം എ ഐ മികച്ച ചാപ്റ്ററിനുള്ള പുരസ്ക്കാരം പ്രസിഡന്റ് ശ്രീനിവാസ പ്രസാദിൽ നിന്ന് ഐ സി എം എ ഐ കൊച്ചി ചാപ്റ്റർ ചെയർപേഴ്സൺ രഞ്ജിനി ആർ ഏറ്റുവാങ്ങുന്നു*

ഐ സി എം എ ഐ പ്രസിഡന്റ് ശ്രീനിവാസ പ്രസാദിൽ നിന്ന് ഐ സി എം എ ഐ കൊച്ചി ചാപ്റ്റർ ചെയർപേഴ്സൺ രഞ്ജിനി ആർ പുരസ്കാരം ഏറ്റുവാങ്ങി.

# ടൂലൈൻ ഓൺലൈൻ സ്റ്റോർ ഉദ്ഘാടനം ജൂൺ 6ന്; ഇരിങ്ങാലക്കുടയിൽ തുടക്കമാകും

**ഇരിങ്ങാലക്കുട:** വസ്ത്രവ്യാപാര-ഫാഷൻ രംഗത്തെ പ്രമുഖ ബ്രാൻഡായ 'ടൂലൈൻ' ഡിജിറ്റൽ റീട്ടെയ്ൽ മേഖലയിലേക്ക് ചുവടുവെക്കുന്നു. ബ്രാൻഡിന്റെ പുതിയ സംരംഭമായ 'ടൂലൈൻ ഓൺലൈൻ സ്റ്റോർ' ജൂൺ 6 ശനിയാഴ്ച വൈകിട്ട് 6 മണിക്ക് ഇരിങ്ങാലക്കുട സിന്ധു കൺവെൻഷൻ സെന്ററിൽ നടക്കുന്ന ചടങ്ങിൽ ഉദ്ഘാടനം ചെയ്യും. ടൂലൈൻ മാനേജിംഗ് ഡയറക്ടറും ഐ.സി.എൽ ഫിൻകോർപ്പ് ഹോൾടൈം ഡയറക്ടറും സി.ഇ.ഒയുമായ ഉമ അനിൽകുമാറാണ് ഓൺലൈൻ സ്റ്റോറിന്റെ ലോഞ്ചിംഗ് നിർവഹിക്കുന്നത്. ചടങ്ങിൽ ഐ.സി.എൽ സി.എം.ഡി അഡ്വ. കെ.ജി അനിൽകുമാർ മുഖ്യാതിഥിയായിരിക്കും.

വിപണിയിലെ മാറുന്ന ഉപഭോക്തൃ ശീലങ്ങളും ഇ-കോമേഴ്സ് സാധ്യതകളും മുന്നിൽ കണ്ടാണ് ടൂലൈൻ ഡിജിറ്റൽ പ്ലാറ്റ്ഫോമിലേക്ക് ബിസിനസ് വ്യാപിപ്പിക്കുന്നത്. പരമ്പരാഗത ശൈലികളും ആധുനിക ഫാഷൻ ട്രെൻഡുകളും സമന്വയിപ്പിച്ചുകൊണ്ടുള്ള വിപുലമായ കളക്ഷനുകളാണ് പുതിയ ഓൺലൈൻ സ്റ്റോറിലൂടെ ബ്രാൻഡ് വിപണിയിലെത്തിക്കുന്നത്.

ഇന്ത്യൻ ഫാഷൻ വിപണിയിൽ ഏറെ പ്രിയപ്പെട്ട സാരികളുടെ വൈവിധ്യമാർന്ന ശേഖരത്തിനാണ് ഓൺലൈൻ സ്റ്റോറിൽ മുൻഗണന നൽകിയിരിക്കുന്നത്. നിലവിൽ വിപണിയിൽ ട്രെൻഡിംഗ് ആയ ഓർഗൻസ, ഷിഫോൺ സാരികൾ മുതൽ പരമ്പരാഗത പട്ടുസാരികൾ വരെ ഇതിൽ ഉൾപ്പെടുന്നു. കൂടാതെ ഓർഗൻസ, ഷിഫോൺ, ജോർജറ്റ് ഫ്ലോറൽ പ്രിന്റുകൾ, സീക്വിൻ വർക്കുകൾ, ക്രെയ്പ്, ടിഷ്യു തുടങ്ങിയ വിവിധ മെറ്റീരിയലുകളിലുള്ള ഡിസൈനർ വസ്ത്രങ്ങളും പ്ലാറ്റ്ഫോമിൽ ലഭ്യമാകും. പ്രമുഖ ഡിസൈനർമാർ രൂപകൽപ്പന ചെയ്ത കളക്ഷനുകളിലൂടെ പ്രീമിയം ഫാഷൻ വസ്ത്ര വിപണിയിൽ ശക്തമായ സാന്നിധ്യമാകാനാണ് കമ്പനി ലക്ഷ്യമിടുന്നത്.

# താൽകാലിക നിയമനം

**തിരുവനന്തപുരം:** കോളേജ് ഓഫ് എൻജിനീയറിംഗ് ട്രിവാൻഡ്രം, തിരുവനന്തപുരം(സി. ഇ. ടി)യിൽ 2026-2027 അദ്ധ്യയന വർഷത്തിൽ സിവിൽ, മെക്കാനിക്കൽ, ഇലക്ട്രിക്കൽ ആന്റ് ഇലക്ട്രോണിക്സ്, ഇലക്ട്രോണിക്സ് ആന്റ് കമ്മ്യൂണിക്കേഷൻ, കമ്പ്യൂട്ടർ സയൻസ് ആന്റ് എൻജിനിയറിങ് വിഭാഗങ്ങളിൽ നിലവിലുള്ളതും അദ്ധ്യയന വർഷത്തിൽ ഉണ്ടായേക്കാവുന്നതുമായ അഡ്ഹോക് അസിസ്റ്റന്റ് ഒഴിവുകളിലേക്ക് പാനൽ താൽക്കാലിക നിയമനത്തിന് തയ്യാറാക്കുന്നതിനായി AICTE അപേക്ഷ പ്രൊഫസർമാരുടെ പരിഗണിക്കുന്നതിലേക്കായി മാനദണ്ഡപ്രകാരം യോഗ്യരായ ഉദ്യോഗാർത്ഥികളിൽ നിന്നും അപേക്ഷ ക്ഷണിച്ചു.താൽപ്പര്യമുള്ള ഉദ്യോഗാർത്ഥികൾ യോഗ്യത പരീക്ഷയ്ക്കും അഭിമുഖത്തിനും തയ്യാറായി ഒറിജിനൽ സർട്ടിഫിക്കറ്റുകളും ആയതിന്റെ ഓരോ പകർപ്പും സഹിതം ജൂൺ 16 രാവിലെ 9.30ന് അതാത് വിഭാഗം മേധാവിയ്ക്ക് മുൻപാകെ നേരിട്ട് ഹാജരാകേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് കോളേജ് വെബ്സൈറ്റ് (www.cet.ac.in) സന്ദർശിക്കുക.

# അപേക്ഷ ക്ഷണിച്ചു

**തിരുവനന്തപുരം:** സി.ഇ.ടി (കോളേജ് ഓഫ് എൻജിനിയറിങ് ട്രിവാൻഡ്രം)യിൽ ആർക്കിടെക്ചർ വിഭാഗത്തിൽ അസിസ്റ്റന്റ് പ്രൊഫസർ (Ad-hoc) തസ്തികയിൽ അപേക്ഷകൾ ക്ഷണിച്ചു. ദിവസ വേതന അടിസ്ഥാനത്തിലാണ് നിയമനം. യോഗ്യത കൗൺസിൽ ഓഫ് ആർക്കിടെക്ചർ അംഗീകരിച്ച അസിസ്റ്റന്റ് പ്രൊഫസർ യോഗ്യതയായ B. Arch ബിരുദവും ബിരുദാനന്തര ബിരുദവും കൗൺസിൽ ഓഫ് ആർക്കിടെക്ചർ രജിസ്ട്രേഷനും. മുൻപരിചയമുള്ളവർക്ക് മുൻഗണന.

ഉദ്യോഗാർത്ഥികൾ യോഗ്യതാ പരീക്ഷയ്ക്കും അഭിമുഖത്തിനും തയ്യാറായി ഒറിജിനൽ സർട്ടിഫിക്കറ്റുകളും ആയതിന്റെ ഓരോ പകർപ്പും സഹിതം ജൂൺ 16ന് രാവിലെ 9.30ന് ബന്ധപ്പെട്ട വിഭാഗം മേധാവിയ്ക്ക് മുൻപാകെ നേരിട്ട് ഹാജരാകണം. കൂടുതൽ വിവരങ്ങൾക്ക് കോളേജ് വെബ്സൈറ്റ് (www.cet.ac.in) സന്ദർശിക്കുക.

സൊസൈറ്റി ടുഡേ
SOCIETY TODAY

# 10 കോടി കിലോ മീറ്റർ പിന്നിട്ട് ബിഇഎം ചരക്കു വാഹനങ്ങൾ




**കൊച്ചി:** ബ്ലൂ എനർജി മോട്ടോഴ്സിന്റെ (ബിഇഎം) ഇലക്ട്രിക്, എൽഎൻജി ചരക്കു വാഹനങ്ങൾ 10 കോടി കിലോ മീറ്ററുകൾ പിന്നിട്ടു. കമ്പനി നിർമ്മിച്ച 1400 ഹെവി ഡ്യൂട്ടി ട്രക്കുകളാണ് രാജ്യമെമ്പാടും ഇത്രയും ദൂരം പിന്നിട്ടത്. 30,000 ടൺ കാർബൺ ബഹിർഗമനം തടയാൻ ഇതു മൂലം കഴിഞ്ഞു. വർധിയ്ക്കുന്ന ഇന്ധന വിലയും കോർപറേറ്റ് മേഖലയിലെ ആവശ്യവും, കാർബൺ ബഹിഷ്കരണം കുറയ്ക്കാനുള്ള ദീർഘ കാല ലക്ഷ്യങ്ങളും മൂലം കൊമേഴ്സ്യൽ വാഹന വ്യവസായ മേഖലയിൽ നിർണ്ണായക മാറ്റങ്ങൾ സംഭവിക്കുന്ന പശ്ചാത്തലത്തിലാണ് ബ്ലൂ എനർജി മോട്ടോഴ്സിന്റെ ഈ നേട്ടം.

രാജ്യത്ത് ചരക്കു നീക്കത്തിന്റെ ഭാവിയിലേക്കുള്ള ചൂണ്ടുപലകയാണ് ബ്ലൂ എനർജി മോട്ടോഴ്സിന്റെ 10 കോടി കിലോ മീറ്റർ നേട്ടമെന്ന് കമ്പനി സ്ഥാപകനും മാനേജിംഗ് ഡയറക്ടറുമായ അനിരുദ്ധ് ഭുവൽക അഭിപ്രായപ്പെട്ടു. ഇരട്ട ടാങ്കുള്ള എൽഎൻജി ഹെവി ഡ്യൂട്ടി വാഹനങ്ങൾക്ക് ഫുൾ ടാങ്കിൽ 2,400 കിലോ മീറ്റർ വരെ ഓടാൻ കഴിയും. ചാർജിംഗ് കോറിഡോറിലൂടെ ഇവി മേഖലയിലും അതിവേഗ ചാർജ്ജിംഗ് ലഭ്യമാണ്. അഞ്ചു മിനിട്ടിനകം ബാറ്ററി മാറ്റാവുന്ന സ്വാപിംഗ് സംവിധാനമുണ്ട്. പ്രവർത്തന ക്ഷമത വർധിപ്പിച്ചതിലൂടെ ട്രാൻസ്പോർട്ട് ഓപറേറ്റർമാരുടെ മൂലധന നിക്ഷേപം കുറയ്ക്കാനും കഴിഞ്ഞു.

# ഹിമാലയൻ ബേസ് ക്യാമ്പുമായി റോയൽ എൻഫീൽഡ്




**കൊച്ചി:** സാഹസിക യാത്രാപ്രേമികൾക്കായി റോയൽ എൻഫീൽഡ് 'ഹിമാലയൻ ബേസ് ക്യാമ്പ് ലഡാക്ക് എഡിഷൻ' സംഘടിപ്പിക്കുന്നു. സെപ്റ്റംബർ 4 മുതൽ 6 വരെ ലേയിൽ നടക്കുന്ന ത്രിദിന പരിപാടിയിൽ മോട്ടോർസൈക്കിൾ യാത്രികർ, പർവതാരോഹകർ, ഓവർലാൻഡർമാർ, സാഹസിക കായികപ്രേമികൾ എന്നിവർ പങ്കെടുക്കും.

11,480 അടി ഉയരത്തിൽ നടക്കുന്ന ക്യാമ്പിൽ പ്രത്യേക പര്യവേഷണങ്ങൾ, നൈപുണ്യ വികസന ശിൽപശാലകൾ, വിദഗ്ധരുടെ നേതൃത്വത്തിലുള്ള സെഷനുകൾ, വിവിധ സാഹസിക വെല്ലുവിളികൾ എന്നിവ ഉൾപ്പെടും.

സാഹസിക യാത്രയും കായിക വിനോദങ്ങളും ജീവിതശൈലിയും കേന്ദ്രീകരിച്ചുള്ള ഈ സംഗമം രാജ്യത്തെ സാഹസിക സമൂഹത്തെ ഒരുമിച്ച് കൊണ്ടുവരാനുള്ള വേദിയായിരിക്കുമെന്ന് റോയൽ എൻഫീൽഡ് അറിയിച്ചു.

# ഗെറ്റ് റെഡി വിത്ത് മി ഫാഷൻ സെയിൽ അവതരിപ്പിച്ച് ഫ്ളിപ്കാർട്ട്

**കൊച്ചി :** ഇന്ത്യയിലെ പ്രമുഖ ഇ-കൊമേഴ്സ് പ്ലാറ്റ്ഫോമായ ഫ്ളിപ്കാർട്ട്, പുതിയ ഫാഷൻ സെയിലായ 'ജിആർഡബ്ല്യുഎം ജിആർഡബ്ല്യുഎം' ക്യാമ്പയിൻ അവതരിപ്പിച്ചു. 2026 മേയ് 29 മുതൽ ജൂൺ 7 വരെ നടക്കുന്ന ഈ ഫാഷൻ സെയിൽ, ട്രെൻഡുകൾക്ക് പ്രാധാന്യം നൽകുന്ന ഷോപ്പിംഗ് അനുഭവമാണ് ഉപഭോക്താക്കൾക്ക് ഒരുക്കുന്നത്. 50-ലധികം അന്തർദേശീയ, ഇന്ത്യൻ ബ്രാൻഡുകളിൽ നിന്നുള്ള 10 ലക്ഷത്തിലധികം ഫാഷൻ ഉൽപ്പന്നങ്ങളാണ് സെയിലിൽ ലഭ്യമാകുന്നത്.

ലെവൈസ്, നൈക്ക്, പ്യൂമ, ടൈറ്റൻ, റെഡ് ടേപ്പ് തുടങ്ങിയ പ്രമുഖ ബ്രാൻഡുകൾക്ക് 90 ശതമാനം വരെ വിലക്കിഴിവ് ലഭിക്കും. ബാങ്ക് ഓഫറുകളും സൂപ്പർകോയിൻ ആനുകൂല്യങ്ങളും ഉപഭോക്താക്കൾക്ക് അധിക ലാഭം നൽകും. 55 കോടിയിലധികം സന്ദർശനങ്ങൾ സെയിലിന് ലഭിക്കുമെന്നാണ് ഫ്ളിപ്കാർട്ട് പ്രതീക്ഷിക്കുന്നത്. യുവതലമുറയിലെ ഉപഭോക്താക്കളെ ലക്ഷ്യമിടുന്ന ഈ സംരംഭം, രാജ്യത്തെ കൂടുതൽ ആളുകളിലേക്ക് ഫാഷൻ എളുപ്പത്തിലും ചെലവുകുറഞ്ഞ രീതിയിലും എത്തിക്കുകയെന്ന ലക്ഷ്യത്തോടെയാണ് അവതരിപ്പിച്ചിരിക്കുന്നത്.

# ഡിസൈനിൽ ബിരുദം: 17 വരെ അപേക്ഷിക്കാം

**തിരുവനന്തപുരം:** സംസ്ഥാനത്തിലെ സർക്കാർ/ സ്വാശ്രയ കോളേജുകളിലേക്ക് 2026-27 അദ്ധ്യായന വർഷത്തെ ബാച്ചിലർ ഓഫ് ഡിസൈൻ (B.Des) കോഴ്സ് പ്രവേശനത്തിന് ജൂൺ 17 വരെ അപേക്ഷ സമർപ്പിക്കാം.
വിശദ വിവരങ്ങൾക്ക്: www.lbscentre.kerala.gov.in, 04712324396, 2560327.

LiVa®
'Diamonds are forever'
MODULAR INTERIORS TOO!
www.livainteriors.com
Better Homes, Better Lives !

THE EVERLASTING MODULAR INTERIORS
SUPERIOR QUALITY IMPORTED AND INDIGENOUS RAW MATERIALS ONLY ARE USED
UNRIVALLED GERMAN ROBOTIC TECHNOLOGY FOR MANUFACTURING
GUARANTEE FOR 15 LONG YEARS* NOBODY CAN OFFER
EVER GROWING DELIGHTED LIVA FAMILY MEMBERS
LiVa KITCHENS & INTERIORS
TRUSTED since 2007
15 YEAR GUARANTEE
100% GUARANTEED
ISO 9001
LOWEST HONEST PRICE
SOUTH INDIA'S MOST TRUSTED AND ADVANCED MODULAR INTERIOR MANUFACTURER
HEAD OFFICE & SHOW ROOM-KERALA
DOOR No.41/1065, RENJESHA BUILDING
OPPO. P.O.C, PADIVATTOM
ERNAKULAM-24
+91 9288022661/62
SHOWROOM-KARNATAKA
No.73, 80FT ROAD
NEAR HOYSALA CIRCLE
KENGERI SATELLITE TOWN
BANGALORE 560060
+91 9778685017/19
SHOWROOM-KERALA
OPPO. ROSY SCHOOL, CRYSTAL CENTRE
CHATHAPURAM, PALAKKAD, KERALA
FACTORY : KERALA
Kairady PO, Palakkad
+91 9288022663